# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2021

## പുതിയ രജിസ്ട്രേഷനും, അപേക്ഷയിൽ തിരുത്തലിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും അവസരം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഇതുവരെ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് പുതിയ രജിസ്ട്രേഷനും, നിലവിൽ രജിസ്ട്രേഷൻ ഉള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും, പുതിയ ഓപ്ഷനുകൾ നൽകുന്നതിനും നവംബർ 15 മുതൽ 21 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. ഹയർ ഓപ്ഷൻസ് നിലനിർത്തിയ കുട്ടികളുടെ ഹയർ ഓപ്ഷൻസും പുതിയ ഓപ്ഷൻസ് നൽകിയ കുട്ടികളുടെ പുതിയ ഓപ്ഷൻസും മാത്രം പരിഗണിക്കുന്നതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) സ്വന്തമായി മാറ്റങ്ങൾ വരുത്താം. മറ്റ് തിരുത്തലുകൾക്ക് പ്രൊഫൈലിലെ ഫോറം ലിങ്ക് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. നിലവിൽ മാർക്ക് വ്യത്യാസം കാരണമോ മറ്റേതെങ്കിലും കാരണം കൊണ്ടോ കോളേജിൽ നിന്ന് ഡിഫെക്ട് മെമോ കിട്ടിയതിന്റെ ഫലമായി അഡ്മിഷൻ നഷ്ടമായ കുട്ടികൾ പ്രൊഫൈലിൽ വേണ്ട തിരുത്തലുകൾ സ്വന്തമായി ചെയ്യേണ്ടതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞ തീയതിക്കുള്ളിൽ പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളെ യും നിലവിൽ ഹയർ ഓപ്ഷൻസ് നിലനിർത്തിയിട്ടുള്ള വിദ്യാർത്ഥികളേയും മാത്രമേ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുകയുള്ളൂ.

വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**രജിസ്ട്രാർ**

**പ്രത്യേക കുറിപ്പ്:** (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)